# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
2013 മാർച്ച് 18, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

മുഖ്യമന്ത്രി

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

<u>ബിവറേജസ് കോർപ്പറേഷനാവശ്യമായ മദ്യം</u>

*1 ശ്രീ. എസ്. രാജേന്ദ്രൻ
,, സി. കെ. സദാശിവൻ
,, ബാബു എം. പാലിശ്ശേരി
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനാവശ്യമായ മദ്യം പൊതുമേഖലയിൽ ഉല്പാദിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പ്രതിവർഷം ശരാശരി എത്ര കോടി രൂപയുടെ മദ്യം ബിവറേജസ് കോർപ്പറേഷൻ സ്വകാര്യ കമ്പനികളിൽ നിന്നും വാങ്ങുന്നുണ്ട്; പ്രധാനമായും ഏതെല്ലാം കമ്പനികളിൽ നിന്നാണ് ഇപ്പോൾ വാങ്ങുന്നത്; മുൻവർഷം എത്ര തുകയുടെ മദ്യം വാങ്ങുകയുണ്ടായി ;

(സി) കോർപ്പറേഷൻ വാങ്ങുന്ന മദ്യത്തിന്റെ വില വർദ്ധിപ്പിച്ച് നൽകാൻ മദ്യ കമ്പനികൾ ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനം വർദ്ധിപ്പിച്ചു നൽകുവാൻ ആവശ്യപ്പെടുകയുണ്ടായി; ഏറ്റവും ഒടുവിൽ എന്ന് വില വർദ്ധിപ്പിച്ച് നൽകുകയുണ്ടായി; പ്രസ്തുത ആവശ്യത്തിന്മേൽ എന്ത് നിലപാടാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**
**18.03.2013-ലെ മറുപടിക്ക്**

<u>സ്ഫോടകവസ്തുക്കൾ മൂലമുള്ള അപകടങ്ങളും ആക്രമണങ്ങളും സംബന്ധിച്ച കേസ്സുകൾ</u>

*2 ശ്രീ. വി. ശശി
,, മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ.ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ഫോടകവസ്തു കൈകാര്യം ചെയ്തുണ്ടായ അപകടങ്ങളും അത് ഉപയോഗിച്ച് നടത്തിയ ആക്രമണങ്ങളും ആക്രമണങ്ങളും സംബന്ധിച്ച് നിലവിൽ എത്ര കേസ്സുകളുണ്ട്; ഇതിൽ കുറ്റപത്രം തയ്യാറാക്കാത്ത എത്ര കേസ്സുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം കേസ്സുകളിൽ കുറ്റപത്രം സമർപ്പിക്കുന്നതിനു കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം എന്താണെന്നു വെളിപ്പെടുത്തുമോ;

(സി) വെടിക്കെട്ടുസാമഗ്രികളുടെ നിർമ്മാണത്തിലും മറ്റുമായി ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>സ്വാഭാവിക തുറമുഖം</u>

*3 ശ്രീ. സി. ദിവാകരൻ
,, ഇ. കെ. വിജയൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വലുതും ചെറുതുമായ സ്വാഭാവിക തുറമുഖങ്ങൾക്ക് നിർമ്മാണ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം, പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) പദ്ധതി നടത്തിപ്പ് സ്വകാര്യ പങ്കാളിത്ത മാതൃകയിലാക്കണമെന്നും സർക്കാരിന്റെ ഉടമസ്ഥത ഒഴിവാക്കണമെന്നുമുള്ള കേന്ദ്ര ആസൂത്രണ കമ്മീഷന്റെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർദ്ദേശത്തെ സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>കണ്ടൽ വനങ്ങളുടെ സംരക്ഷണം</u>

*4 ശ്രീ. കെ.എൻ.എ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ടൽ വനങ്ങളുടെ സംരക്ഷണാർത്ഥം കണ്ടൽ ഫോറസ്റ്റ് സ്റ്റേഷൻ രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ ഫോറസ്റ്റ് – പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങളിൽ കണ്ടൽ വനങ്ങളുടെ സംരക്ഷണം ഉൾപ്പെടുമോ;

(സി) കണ്ടൽ വനങ്ങളും പരിസ്ഥിതിയും ഉൾപ്പെടുന്ന ആവാസ വ്യവസ്ഥയെ തകർക്കുന്ന ഏത് നടപടിയും 'ശിക്ഷാർഹമായ കുറ്റങ്ങൾ' എന്ന നിലയിൽ കൈകാര്യം ചെയ്യാറുണ്ടോ; ഇതിനായി എന്തു നടപടിയാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>കാബിനറ്റ് നോട്ടിലെ സെക്രട്ടറിമാരുടെ വിയോജനക്കുറിപ്പുകൾ</u>

*5 ശ്രീ. കെ. രാധാകൃഷ്ണൻ
,, കോടിയേരി ബാലകൃഷ്ണൻ
,, എസ്. ശർമ്മ
,, എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**മുഖ്യമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) മന്ത്രിസഭാ തീരുമാനങ്ങൾക്കായി സമർപ്പിക്കുന്ന കാബിനറ്റ് നോട്ടിൽ വകുപ്പ് സെക്രട്ടറിമാർക്ക് വിയോജനക്കുറിപ്പെഴുതാം എന്ന് ഇപ്പോൾ ഓർമ്മിപ്പിക്കാനിടയായ സാഹചര്യം എന്തായിരുന്നു; വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സെക്രട്ടറിമാരുടെ യോഗ തീരുമാനത്തിന് മുഖ്യമന്ത്രി അംഗീകാരം നൽകിയിട്ടുണ്ടോ; ഇതേ തുടർന്ന് പുറപ്പെടുവിച്ച സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മന്ത്രിമാർ സ്വന്തം നിലയിൽ തയ്യാറാക്കുന്ന പദ്ധതികളോടും തീരുമാനങ്ങളോടും വിയോജിക്കാൻ നിലവിൽ വകുപ്പ് സെക്രട്ടറിമാർക്കുള്ള അധികാരം സംബന്ധിച്ച നിയമവ്യവസ്ഥകൾ വിശദമാക്കുമോ;

(ഡി) ഇപ്പോഴത്തെ ഏതെല്ലാം മന്ത്രിമാരിൽ നിന്നും ഏതെല്ലാം സെക്രട്ടറിമാർക്കാണ് ഇത്തരത്തിലുള്ള അനുഭവങ്ങൾ ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>സംസ്ഥാന ഭരണത്തിന്റെ മികവിന് ലഭിച്ച അംഗീകാരങ്ങൾ</u>

*6 ശ്രീ. അൻവർ സാദത്ത്
,, പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണത്തിന്റെ മികവിന് സംസ്ഥാനത്തിന് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം രംഗങ്ങളിലാണ് ശ്രദ്ധേയമായ നേട്ടങ്ങളും അംഗീകാരവും ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം മേഖലകളിലാണ് കഴിഞ്ഞ വർഷങ്ങളെക്കാൾ കൂടുതൽ മികവ് കൈവരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത മികവ് മറ്റ് രംഗങ്ങളിലും നേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള ഭരണസംവിധാനം</u>

*7 ശ്രീ. സി. മോയിൻകുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി
,, എം. ഉമ്മർ
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണസംവിധാനം നിയോജകമണ്ഡല അടിസ്ഥാനത്തിൽ പുനർനിർണ്ണയിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് എപ്പോഴെങ്കിലും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഫലം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) വില്ലേജുകളെ നിർദ്ദിഷ്ട പഞ്ചായത്ത്/മുനിസിപ്പൽ വാർഡുകളുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കുകയും, പഞ്ചായത്തുകളെ /മ ിസിപ്പാലിറ്റികളെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ക്രമുന പ്പെടുത്തുകയും ചെയ്താലുള്ള മെച്ചത്തെക്കുറിച്ച് പരിശോധിക്കുമോ;

(സി) ഇതെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നല്കാൻ ഒരു കമ്മീഷനെ നിയോഗിക്കുന്നകാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

വിഴിഞ്ഞം തുറമുഖ പദ്ധതി

*8 ശ്രീ. എം. എ. ബേബി
,, വി. ശിവന്‍കുട്ടി
,, ബി. സത്യന്‍
കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിഴിഞ്ഞം തുറമുഖ നിര്‍മ്മാണത്തിന് പാരിസ്ഥിതികാനുമതി തടസ്സപ്പെടുന്നതിന്റെ കാരണങ്ങള്‍ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേന്ദ്രസര്‍ക്കാരിന്റെ ബജറ്റില്‍ അനുവദിക്കപ്പെട്ട തുറമുഖ പദ്ധതികളില്‍ വിഴിഞ്ഞം പദ്ധതി ഉള്‍പ്പെട്ടിട്ടുണ്ടോ; എന്തു തുക ബജറ്റ് വഴി ഉറപ്പായിട്ടുണ്ട്;

(സി) തൂത്തുക്കുടി തുറമുഖത്തിന്റെ വികസനം പ്രവൃത്തിപഥത്തിലെത്തുമ്പോള്‍ വിഴിഞ്ഞം തുറമുഖത്തിന്റെ പ്രസക്തി എന്താകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വിഴിഞ്ഞം പദ്ധതിയുടെ ടെണ്ടര്‍ നടപടികള്‍ പൂര്‍ത്തിയായിട്ടുണ്ടോ; ഏത് ഘട്ടത്തിലാണ്;

(ഇ) കേന്ദ്രസര്‍ക്കാരിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് സ്കീം നിലവിലുണ്ടോ; ഈ സ്കീമില്‍ എത്ര ശതമാനം തുക വിഴിഞ്ഞം പദ്ധതിക്ക് ഉറപ്പാക്കിയിട്ടുണ്ട്; ഇതിന് കേന്ദ്രാനുമതി ലഭിച്ചത് എപ്പോഴാണ്;

(എഫ്) ഈ സര്‍ക്കാരിന്റെ കാലയളവിനുള്ളില്‍ തന്നെ വിഴിഞ്ഞം പദ്ധതി കമ്മീഷന്‍ ചെയ്യാന്‍ കഴിയുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>കടലാസ് രഹിത ഫയൽ പ്രോസസിംഗ്</u>

*9 ശ്രീ. റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ്
ഡോ. എൻ. ജയരാജ്
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഓഫീസുകളിൽ കടലാസ് രഹിത ഫയൽ പ്രോസസിംഗ് സംവിധാനം നടപ്പാക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടു; വിശദാംശങ്ങൾ നല്കുമോ;

(ബി) പ്രസ്തുത സംവിധാനം നിലവിൽ ഏതെങ്കിലും വകുപ്പുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് വിജയകരമായിരുന്നോ; എന്തെല്ലാം പോരായ്മകളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നല്കുമോ;

(സി) കടലാസ് രഹിത ഫയൽ പ്രോസസിംഗ് സംവിധാനം കുറ്റമറ്റ രീതിയിൽ സംസ്ഥാനത്ത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>യുവാക്കളുടെ മുങ്ങിമരണങ്ങൾ</u>

*10 ശ്രീ. സി. മമ്മൂട്ടി
,, എം. ഉമ്മർ
,, പി. ബി. അബ്ദുൾ റസാക്
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുങ്ങിമരണങ്ങൾ, പ്രത്യേകിച്ചും യുവാക്കളുടെ മുങ്ങിമരണങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരം അപകടങ്ങളിൽ ചെറുപ്പക്കാർ കൂടുതലായി പെട്ടുപോകുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥിതിവിശേഷത്തെ ദേശീയനഷ്ടമായി പരിഗണിച്ച് അത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**18.03.2013-ലെ മറുപടിക്ക്**

<u>വിഴിഞ്ഞം തുറമുഖനിർമ്മാണം</u>

*11 ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖനിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി അടിയന്തിരമായി നടപ്പാക്കുന്നതിനു നേരിടുന്ന ബുദ്ധിമുട്ടുകൾ എന്തൊക്കെയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>എൻഡോ സൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ</u>

*12 ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീ. ചിറ്റയം ഗോപകുമാർ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കാസർഗോഡ് ജില്ലാ ആസ്ഥാനത്ത് നിരാഹാര സമരം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സമരം തുടങ്ങിയിട്ട് എത്ര നാളുകളായി എന്നറിയിക്കുമോ;

(സി) പ്രസ്തുത സമരത്തിലൂടെ ഉന്നയിക്കുന്ന ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സമരം ഒത്തുതീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നറിയിക്കുമോ;

(ഇ) സമരക്കാരുടെ ഏതെങ്കിലും ആവശ്യങ്ങൾ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; പ്രസ്തുത സമരക്കാരുടെ നിരാകരിക്കപ്പെട്ട ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

കേന്ദ്ര ബജറ്റുകൾക്കു ശേഷം മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിമാരുടെ സംഘം നടത്തിയ ചർച്ചകൾ

*13 ശ്രീ. എം. ഹംസ
,, കോടിയേരി ബാലകൃഷ്ണൻ
,, കെ. ദാസൻ
,, ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ബജറ്റുകൾക്കു ശേഷം മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിമാരുടെസംഘം ഏതെല്ലാം കേന്ദ്രമന്ത്രിമാരെ കണ്ട് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായി; സംഘത്തിലുണ്ടായിരുന്ന മന്ത്രിമാർ ആരൊക്കെയായിരുന്നു; ഏതെല്ലാം കേന്ദ്ര മന്ത്രിമാരെ കണ്ട് ചർച്ച നടത്തുകയുണ്ടായി; വിശദമാക്കുമോ;

(ബി) ഓരോ മന്ത്രിയിൽ നിന്നും ലഭിച്ച ഉറപ്പുകൾ എന്തൊക്കെയായിരുന്നു;

(സി) 2011 സെപ്റ്റംബർ 22,23 തീയതികളിൽ കേന്ദ്ര മന്ത്രിമാരിൽ നിന്നും ലഭിച്ചിരുന്ന ഉറപ്പുകൾ നടപ്പിൽ വരുത്താതിരുന്നത് സംബന്ധിച്ചും ഈ ഘട്ടത്തിൽ ബന്ധപ്പെട്ട മന്ത്രിമാരുമായി ചർച്ച ചെയ്യുകയുണ്ടായോ;

(ഡി) സന്ദർശന വേളയിൽ പ്രധാനമന്ത്രിയെ കാണാൻ സാധിച്ചിരുന്നുവോ; വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തു നിന്നുള്ള ഇടതുപക്ഷ, യു.ഡി.എഫ് എം.പിമാർക്ക് നൽകപ്പെട്ടതിൽ കൂടുതലായി കേന്ദ്ര മന്ത്രിമാരിൽ നിന്ന് മുഖ്യമന്ത്രിക്ക് എന്തൊക്കെ വാഗ്ദാനങ്ങളാണ് ലഭിച്ചത് ; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കാൻ നടപടി</u>

*14 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്
,, ഐ. സി. ബാലകൃഷ്ണൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതിനായുള്ള പരിസ്ഥിതി പഠനം പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ഇ) കേന്ദ്ര പ്രതിരോധ വകുപ്പിന്റെ അനുമതിയിലുണ്ടായിരുന്ന നിബന്ധനകളിൽ സംസ്ഥാന താൽപര്യത്തിന് അനുകൂലമായ ഇളവുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

ഹൗസ് ബോട്ടുകളുടെ നിയന്ത്രണം

*15 ശ്രീ. വര്‍ക്കല കഹാര്‍
,, പാലോട് രവി
,, പി. എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഹൗസ് ബോട്ട് മേഖലയെ നിയന്ത്രിക്കാന്‍ പ്രത്യേക നിയമം കൊണ്ടു വരുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഹൗസ് ബോട്ടുകളെ നിയന്ത്രിക്കുവാനും, സുരക്ഷ, പരിസ്ഥിതി എന്നിവയെ ബാധിക്കുന്ന പ്രശ്നങ്ങള്‍ പരിഹരിക്കാനും എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തില്‍ ഉള്‍പ്പെടുത്താന്‍ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങള്‍ ചെയ്തിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>പി.എസ്.സി യുടെ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം</u>

*16 ശ്രീ. വി.റ്റി. ബൽറാം
,, അൻവർ സാദത്ത്
,, വി.പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി യിൽ ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയതു മുഖേന ഉദ്യോഗാർത്ഥികൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) എല്ലാ വിജ്ഞാപനങ്ങളും ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തുമോ;

(സി) പുതിയ സംവിധാനത്തെക്കുറിച്ച് ഉദ്യോഗാർത്ഥികൾക്ക് വേണ്ടത്ര അവബോധം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>കേന്ദ്ര ബജറ്റ് നിർദ്ദേശങ്ങൾ</u>

*17 ശ്രീ. കെ. സുരേഷ് കുറുപ്പ്
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എളമരം കരീം
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ബജറ്റ് നിർദ്ദേശങ്ങൾ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ ഏതെല്ലാം നിലയിൽ ബാധിക്കുമെന്ന് സർക്കാർ വിലയിരുത്തുകയുണ്ടായോ; നിരീക്ഷണങ്ങൾ വെളിപ്പെടുത്താമോ;

(ബി) ബജറ്റിനു മുന്നോടിയായി സംസ്ഥാനം മുന്നോട്ടുവച്ച എന്തെല്ലാം ആവശ്യങ്ങൾ ബജറ്റിൽ പരിഗണിക്കപ്പെടുകയുണ്ടായി, വിശദമാക്കാമോ;

(സി) കേരളത്തിന്റെ പ്രത്യേക സാമ്പത്തിക പാക്കേജ് എത്രമാത്രം പരിഗണിക്കപ്പെടുകയുണ്ടായി;

(ഡി) സംസ്ഥാനത്തെ വിലക്കയറ്റവും പണപ്പെരുപ്പവും തൊഴിലില്ലായ്മയും അതിരൂക്ഷമാക്കുന്നതാണ് ബജറ്റിലെ നിർദ്ദേശങ്ങൾ ഏറെയും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ കേരളത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനും ജനങ്ങൾക്ക് അടിയന്തിരാശ്വാസം നൽകാനും എന്തെല്ലാം നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

**<u>സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുമ്പോൾ പാലിക്കപ്പെടേണ്ട വ്യവസ്ഥകൾ</u>**

*18

ശ്രീ. പി. റ്റി. എ. റഹീം
,, എം. ചന്ദ്രൻ
,, എം. ഹംസ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യാതൊരു സുരക്ഷാ ക്രമീകരണങ്ങളുമില്ലാതെ സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്തു വരുന്നതും ഇതുമൂലമുള്ള അപകടമരണങ്ങൾ വർദ്ധിച്ചുവരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്യുമ്പോൾ പാലിക്കപ്പെടേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണ്; ലൈസൻസോടു കൂടി പ്രവർത്തിക്കുന്ന അത്തരം കേന്ദ്രങ്ങളിൽ അവ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) എക്സ്പ്ലോസീവ് ലൈസൻസോടുകൂടി സംസ്ഥാനത്ത് എത്ര പടക്ക നിർമ്മാണശാലകൾ പ്രവർത്തിച്ചുവരുന്നു;

(ഡി) മറ്റേതെല്ലാം നിലയിലുള്ള സ്ഥാപനങ്ങൾക്ക് എക്സ്പ്ലോസീവ് ലൈസൻസ് നല്കി വരുന്നുണ്ട്, വിശദമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>വിമൻസ് ഇൻവെസ്റ്റിഗേഷൻ ടീം</u>

*19 ശ്രീ. എം. എ. വാഹിദ്
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിമൻസ് ഇൻവെസ്റ്റിഗേഷൻ ടീം രൂപവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന ആക്രമണങ്ങളെ കുറിച്ച് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>കേന്ദ്ര ബജറ്റ് വഴി ആവശ്യങ്ങൾ നേടിയെടുക്കുന്നതിലെ വീഴ്ച</u>

*20 ശ്രീ. റ്റി. വി. രാജേഷ്
,, എം. എ. ബേബി
,, എ. കെ. ബാലൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ കേന്ദ്രബജറ്റ് വഴി നേടിയെടുക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നു വീഴ്ചയുണ്ടായതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ സംസ്ഥാനത്തെ എം.പി. മാരിൽ നിന്ന് തന്നെ ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ?

(ബി) സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കാൻ എം.പി. മാരുടെ യോഗം വിളിച്ചു ചേർത്തത് ബജറ്റ് അവതരണത്തിന് തൊട്ട് മുമ്പ് മാത്രമായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തിൽ നിന്നുള്ള ഏതെങ്കിലും കേന്ദ്രമന്ത്രിമാർ ഈ യോഗത്തിൽ പങ്കെടുക്കുകയുണ്ടായോ;

(സി) സംസ്ഥാനത്ത് നിന്നുള്ള എം.പി.മാർ ഒറ്റക്കെട്ടായി സംസ്ഥാനത്തിന്റെ ആവശ്യം ഉന്നയിക്കുന്ന സ്ഥിതി ഉണ്ടാകാതെ പോയ സാഹചര്യം എന്തായിരുന്നു ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

ഫോറൻസിക് പരിശോധന

*21 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, വി. എസ്. സുനിൽകുമാർ
,, കെ. രാജു
,, മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഫോറൻസിക് പരിശോധനാ ഫലത്തിനായി സംസ്ഥാനത്ത് എത്ര കേസ്സുകൾ കെട്ടിക്കിടക്കുന്നുണ്ട്; ഇവയിൽ എത്ര വർഷം വരെ പഴക്കം ചെന്ന കേസ്സുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഫോറൻസിക് പരിശോധനാ ഫലം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും, ഇത്തരം ലാബുകളിൽ അത്യാധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം</u>

*22 ശ്രീ. പി. സി. വിഷ്ണുനാഥ്
,, കെ. ശിവദാസൻ നായർ
,, റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശനിയമം നടപ്പാക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര വകുപ്പുകളിലാണ് നിയമം നടപ്പാക്കിയിട്ടുളളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നിയമത്തിൽ അനുശാസിച്ചിട്ടുളള എല്ലാ വകുപ്പുകളിലും നിയമം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്; വിശദമാക്കുമോ;

(ഡി) ഈ പരിപാടി സമയബന്ധിതമായി പൂർത്തിയാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) സേവനങ്ങൾ ഓൺലൈൻ വഴി ലഭിക്കുന്നതിനും കൂടുതൽ മേഖലകൾ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

2012 –13 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റ് നിർദ്ദേശങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച അവലോകനം

*23 ശ്രീ.രാജു എബ്രഹാം
ഡോ. ടി. എം. തോമസ് ഐസക്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 –13 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റ് നിർദ്ദേശങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് അവലോകനം നടത്തിയത്; അവലോകനത്തിലെ പ്രമുഖനിഗമനങ്ങൾ വിശദമാക്കാമോ;

(ബി) ഏതെങ്കിലും വകുപ്പ് ഏതെങ്കിലും ബജറ്റ് നിർദ്ദേശം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി വിലയിരുത്തപ്പെടുകയുണ്ടായോ, വിശദമാക്കാമോ;

(സി) ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഇനിയും നിർവ്വഹണം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;

(ഡി) ഭരണാനുമതി നൽകുന്നതിനപ്പുറം നിർവ്വഹണം നടന്നിട്ടില്ലാത്ത ബജറ്റ് നിർദ്ദേശങ്ങൾ ഏതൊക്കെയാണെന്ന് അവലോകനം ചെയ്യുകയുണ്ടായോ; വിശദമാക്കാമോ;

(ഇ) പദ്ധതി അടങ്കലിന്റെ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായി; ഇത് മുൻവർഷം എത്ര ശതമാനമായിരുന്നു? വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>സമൂഹ നന്മ ലക്ഷ്യം വച്ച് പാസ്സാക്കിയിട്ടുള്ള നിയമങ്ങൾ</u>

*24 ശ്രീ. പി. കെ. ബഷീർ
,, റ്റി. എ. അഹമ്മദ് കബീർ
,, എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാർലമെന്റും, സംസ്ഥാന നിയമസഭയും സമൂഹനന്മ ലക്ഷ്യം വച്ച് പാസ്സാക്കിയിട്ടുള്ള നിയമങ്ങൾ ശരിയായി നടപ്പാക്കാത്തതു സംബന്ധിച്ച് ഹൈക്കോടതിയും, സുപ്രീം കോടതിയും ആവർത്തിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടയുക, പൊതുമുതലും സ്വകാര്യമുതലും നശിപ്പിക്കുക, മോട്ടോർ വാഹന നിയമങ്ങൾ പാലിക്കാതിരിക്കുക എന്നിവയ്ക്കെതിരെയെല്ലാം കോടതികളുടെ ഇടപെടലും കോടതിയലക്ഷ്യ നടപടികളും അനിവാര്യമാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് നിയമനടത്തിപ്പ് കൂടുതൽ ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>എയർ കേരള</u>

*25 ശ്രീ. എം. ചന്ദ്രൻ
,, വി. ശിവൻകുട്ടി
,, കെ. വി. അബ്ദുൾ ഖാദർ
,, കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയർ കേരളയുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര സർവ്വീസുകൾ എന്നുമുതൽ നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി എത്ര വിമാനങ്ങൾ ആദ്യഘട്ടത്തിൽ വാങ്ങുകയുണ്ടായി;

(സി) കേന്ദ്രസർക്കാരിന്റെ നിലവിലുള്ള എന്തെല്ലാം നിബന്ധനകളിൽ ഇതിനായി ഇളവ് നൽകാൻ സംസ്ഥാനം ആവശ്യപ്പെടുകയുണ്ടായി; ലഭിച്ച ഇളവുകൾ എന്തെല്ലാം; വിശദമാക്കാമോ ;

(ഡി) എയർകേരളയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട് ; ആകെ എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു; വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>തീരദേശ ചരക്കു ഗതാഗതം</u>

*26 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍
,, പി. സി. ജോര്‍ജ്
ഡോ. എന്‍. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തീരദേശ ചരക്കു ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കില്‍ ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചു;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് തുറമുഖങ്ങളില്‍ നിലവിലുള്ള സൗകര്യങ്ങള്‍ പര്യാപ്തമാണോ; വ്യക്തമാക്കുമോ;

(സി) 2013–14 സാമ്പത്തിക വര്‍ഷം ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങള്‍ ചെയ്യാന്‍ ഉദ്ദേശിക്കുന്നു; വിശദാംശങ്ങള്‍ നല്‍കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>സർക്കാർ ഉദ്യോഗസ്ഥർക്കെതിരെയുള്ള അതിക്രമങ്ങൾ</u>

*27 ശ്രീ. ആർ. സെൽവരാജ്
,, കെ. അച്ചുതൻ
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർ, അവരുടെ ബന്ധുക്കൾ എന്നിവർക്ക് എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി പുതിയ നിയമനിർമ്മാണം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) എന്തെല്ലാം കുറ്റങ്ങളും ശിക്ഷകളും ആണ് നിർദ്ദിഷ്ട നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>കുട്ടികളുടെ സുരക്ഷ</u>

*28 ശ്രീ. ആർ. രാജേഷ്
,, ബി. ഡി. ദേവസ്സി
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോചനദ്രവ്യമാവശ്യപ്പെട്ട് എൽ.കെ.ജി. വിദ്യാർത്ഥിനിയെ തട്ടിക്കൊണ്ടുപോയ സംഭവത്തെ തുടർന്ന് കുട്ടികളും രക്ഷിതാക്കളും ആശങ്കാകുലരായിരിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികൾ സ്കൂളുകളിലും പൊതുസ്ഥലങ്ങളിലും കുറ്റകൃത്യങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുന്ന സംഭവങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; കുട്ടികളുടെ സുരക്ഷിതത്വത്തിന് നിലവിലുള്ള സംവിധാനങ്ങൾ എത്രത്തോളം പര്യാപ്തമാണ്;

(സി) കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കാനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>മുൻ കായിക താരങ്ങൾക്ക് ക്ഷേമനിധി</u>

*29 ശ്രീ. ബെന്നി ബെഹനാൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുൻ കായിക താരങ്ങൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ക്ഷേമനിധി മുഖാന്തിരം എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ക്ഷേമനിധിയുടെ പ്രവർത്തനത്തിനുള്ള പണം എങ്ങനെ സമാഹരിക്കാനാണുദ്ദേശിക്കുന്നത് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>സൈബർ കുറ്റകൃത്യങ്ങൾ</u>

*30

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സമീപകാലത്ത് ഉണ്ടായ ക്രിമിനൽ കേസുകൾ മിക്കതും സൈബർ കുറ്റകൃത്യങ്ങളാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇത്തരത്തിലുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇത്തരം കേസുകൾ അന്വേഷിച്ച് കണ്ടെത്തുന്നതിന് ഏതെല്ലാം നൂതന സംവിധാനങ്ങളാണ് ഇപ്പോൾ ഉപയോഗപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) അന്യസംസ്ഥാന തൊഴിലാളികൾക്ക് മൊബൈൽ കണക്ഷൻ നൽകുന്നതിന് മാനദണ്ഡങ്ങൾ കർശനമാക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ;

(ഇ) വ്യാജ തിരിച്ചറിയൽ കാർഡുകൾ പോലീസ് പിടികൂടുന്ന സാഹചര്യത്തിൽ നിലവിലുള്ള മാനദണ്ഡം അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,**
**തിരുവനന്തപുരം സെക്രട്ടറി**
**2013 മാർച്ച് 18.**

**പ്രത്യേക ശ്രദ്ധയ്ക്ക്:** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം 5.00 മണിയ്ക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേതാണ്. [ചട്ടം 47(1)]